Minister for Education Labour and Civil Supplies
(Sri. Panampilli Govinda Menon) :

(a) Yes.
(b) 20 from Kunnathunad and 16 from Muvattupuzha.
(c) No.

ക്ലാസ്സ് വ്യത്യാസം

* ൪൪൪. (൯൨) ശ്രീ. കെ. കെ. കണ്ണൻ : താഴെ പറയുന്ന ചോദ്യ: ങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപട പറയുമോ.—

(എ) പ്രീപ്പാരട്ടറി ക്ലാസ്സുകൾ ഫിഫ്ത്ത് ക്ലാസ്സാക്കി മാറ്റിയതോടുകൂടി ഇക്കഴിഞ്ഞ വിദ്യാഭ്യാസവർഷാരംഭത്തിൽ നടത്തിയ പ്രീപ്പാരട്ടറി ക്ലാസ്സുകളിൽ നിന്നു ജയിച്ചു വിദ്യാർത്ഥികളുടെ പ്രമോഷനെസംബന്ധിച്ചു ഗവൺമെന്റ് എതു കല്പനകൾ പാസ്സാക്കിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം തീയതികളിലാണ്;

(സി) പ്രസ്തുത കല്പനകൾമൂലം പ്രസ്തുത വിദ്യാർത്ഥികളുടെ രക്ഷകർത്താക്കന്മാർക്കും കുട്ടികൾക്കും നേരിട്ട ബുദ്ധിമുട്ടുകൾ ഗവൺമെന്റിനറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) വിദ്യാഭ്യാസ ഡയറക്ടർ തന്നെ സർക്കുലറുകൾ അയച്ചിട്ടുണ്ട്.
(ബി) ന — ന — ൽ ൪ ൦-ലും ൮ — ൭ — ൪ ൦-ലും.
(സി) അറിവില്ല.

അദ്ധ്യാപകന്മാരുടെ ഒഴിവുകൾ

* ൪൪൫. (൯൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാനവിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ തിരുവിതാംകൂർ വിഭാഗത്തിൽ ഒന്നാം ഗ്രേഡിലുള്ള എത്ര അദ്ധ്യാപകന്മാരുടെ ഒഴിവുകൾ ഇപ്പോൾ ഉണ്ടു; ഈ ഒഴിവുകൾ എത്രയുണ്ടു മുതലു് ഉദ്ഭവിച്ചവയാണു; ഈ ഒഴിവുകളിൽ ഇതേവരെ പകരം നിയമനം നടത്താതിരുന്നതിനു് എന്താണു് കാരണം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ഒഴിവുകൾ ആണു് ഈ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്നതു് എങ്കിൽ സംയോജനത്തിനു മുമ്പു് ഉണ്ടായിരുന്ന ഒന്നാം ഗ്രേഡിലുള്ള ൮൫ ഒഴിവുകളിലും പകരം നിയമനം നടത്തി കഴിഞ്ഞു.

ശമ്പളപരിഷ്കാരം

* ൪൪൬. (൯൮) ശ്രീ. കൃഷ്ണൻഅയ്യപ്പൻ : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു് ഗവൺമെന്റു് ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ വിഷയം ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly